# SY-534

Reg. No. : ....................................

Name : ....................................

## SECOND YEAR HIGHER SECONDARY EXAMINATION, MARCH – 2024

Part – III

**HISTORY**

Maximum : 80 Scores

**(Map Accompanied)**

Time : 2½ Hours

Cool-off time : 15 Minutes

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.

1. 'A' കോളത്തിന് ഉള്ളവസ്തു അനുയോജ്യമായവ 'B' കോളത്തിൽ നിന്നും കണ്ടെത്തി എഴുതുക. (4 × 1 = 4)

| A | B |
|---|---|
| റാണി ലക്ഷ്മിഭായ് | ഡൽഹി |
| കൺവർ സിംഗ് | കാൺപൂർ |
| ബഹദൂർ ഷാ | ഝാൻസി |
| നാനാസാഹിബ് | ആറ |

**2 മുതൽ 7 വരെയുള്ളവയിൽ ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 1 സ്കോർ വീതം.** **(4 × 1 = 4)**

2. ഖൽസാ പാന്ഥിന്റെ സ്ഥാപകൻ ആര് ?
   (a) ഗുരുനാനാക്
   (b) ഗുരു അർജൻ
   (c) ഗുരു ഗോബിന്ദ് സിംഗ്
   (d) ഗുരു തേജ് ബഹാദൂർ

3. പത്മാവതിന്റെ രചയിതാവിനെ തിരിച്ചറിയുക.
   (a) കബീർ
   (b) മാലിക് മുഹമ്മദ് ജെയസി
   (c) രാമാനന്ദ
   (d) ബാബ ഫരീദ്

4. 'ഗരീബ് നവാസ്' എന്ന് പ്രശസ്തിയാർജിച്ചത് ആര് ?
   (a) ഖ്വാജ മുയ്നുദ്ദീൻ
   (b) മുഹമ്മദ് ബിൻ തുഗ്ലക്ക്
   (c) അക്ബർ
   (d) ഷെയ്ഖ് നിസാമുദ്ദീൻ

5. ചുവടെ കൊടുത്തിട്ടുള്ളവയിൽ വചനങ്ങളുമായി ബന്ധപ്പെട്ട വിഭാഗം ഏത് ?
   (a) ആൾവാർമാർ
   (b) സിഖുകാർ
   (c) നായനാർമാർ
   (d) വീരശൈവന്മാർ

6. പ്രചീന കേരളത്തിൽ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട പെരുമാറ്റ സംഹിത
   (a) കച്ചം
   (b) സഭൈ
   (c) വിരുത്തി
   (d) നൊടുത്തൽ

7. കുളച്ചൽ യുദ്ധത്തിൽ ഡച്ചുകാരെ പരാജയപ്പെടുത്തിയ തിരുവിതാംകൂർ രാജാവിനെ ചൂണ്ടിക്കാണിക്കുക.
   (a) കുഞ്ഞാലിമരയ്ക്കാർ
   (b) ശക്തൻ സമ്പുരാൻ
   (c) മാർത്താണ്ഡവർമ്മ
   (d) ടിപ്പു സുൽത്താൻ

8. ചുവടെ കൊടുത്തിട്ടുള്ളവയെ കാലഗണന ക്രമത്തിൽ ക്രമീകരിക്കുക. (4 × 1 = 4)

- കുറിച്യ കലാപം
- പഴശ്ശി കലാപം
- ക്ഷേത്രപ്രവേശന വിളംബരം
- കുണ്ടറ വിളംബരം

9. തന്നിരിക്കുന്ന പ്രാചീന ഇന്ത്യയുടെ രൂപരേഖയിൽ ചുവടെ കൊടുത്തിട്ടുള്ള സ്ഥലങ്ങൾ അടയാളപ്പെടുത്തുക. (4 × 1 = 4)

- ബോധഗയ
- സാരനാഥ്
- സാഞ്ചി
- അമരാവതി

**10 മുതൽ 18 വരെയുള്ളവയിൽ ഏതെങ്കിലും 8 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 2 സ്കോർ വീതം. (8 × 2 = 16)**

10. സ്തൂപങ്ങൾ നിർമ്മിച്ചത് എന്തിന് ?

11. സിയാറത്തും ഖവാലിയും നിർവ്വചിക്കുക.

12. മിൽക്കിയത്തിനെ കുറിച്ച് ഒരു ലഘുക്കുറിപ്പ് എഴുതുക.

13. ജമ, ഹസിൽ എന്നീ പദങ്ങൾ നിർവ്വചിക്കുക.

14. ജോട്ടേദാർമാർ ആരായിരുന്നു ?

15. പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ രാജ്മഹൽ കുന്നുകൾക്ക് ചുറ്റും ജീവിച്ചിരുന്ന രണ്ട് ജനവിഭാഗങ്ങളുടെ പേര് എഴുതുക.

16. 1857-ലെ വിപ്ലവവുമായി ബന്ധപ്പെട്ട ഏതെങ്കിലും രണ്ട് കിംവദന്തികൾ സൂചിപ്പിക്കുക.

17. 1857-ലെ കലാപവുമായി ബന്ധപ്പെട്ട ഏതെങ്കിലും രണ്ട് ചിത്രങ്ങളുടെ പേര് എഴുതുക.

18. സംഘം പദ്യങ്ങളിൽ സൂചിപ്പിച്ചിരിക്കുന്ന ഏതെങ്കിലും രണ്ട് തിണകളുടെ പേര് എഴുതുക.

**19 മുതൽ 21 വരെയുള്ളവയിൽ ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(2 × 3 = 6)**

19. ഹാരപ്പൻ സംസ്കാരത്തിന്റെ അധഃപതനത്തിലേക്ക് നയിച്ച ഏതെങ്കിലും മൂന്ന് കാരണങ്ങൾ സൂചിപ്പിക്കുക.

20. മുഗൾ കാലഘട്ടത്തിലെ ഏതെങ്കിലും മൂന്ന് ദിനവൃത്താന്തങ്ങളുടെ പേര് എഴുതുക.

21. മഹാത്മാഗാന്ധിയുടെ ആദ്യകാലത്തെ മൂന്ന് പ്രാദേശിക സമരങ്ങൾ ഏതെല്ലാം ?

**22 മുതൽ 26 വരെയുള്ളവയിൽ ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(4 × 4 = 16)**

22. ലിഖിത തെളിവുകളുടെ പരിമിതികൾ എന്തെല്ലാം ?

23. ധർമ്മശാസ്ത്രങ്ങളിൽ സൂചിപ്പിച്ചിരിക്കുന്ന നാല് വർണ്ണങ്ങളുടെ മാതൃകാ തൊഴിലുകൾ വിശദീകരിക്കുക.

24. വിജയനഗര സാമ്രാജ്യത്തിൽ നിലനിന്നിരുന്ന അമരനായക സമ്പ്രദായം വിവരിക്കുക.

25. അവധിലെ താലൂക്ക്ദാർമാർ ബ്രിട്ടിഷുകാർക്കെതിരെ കലാപം നടത്താൻ കാരണമെന്ത് ?

26. ഇന്ത്യ വിഭജനം സ്ത്രീകളെ ബാധിച്ചത് എങ്ങനെയാണ് ?

**27 മുതൽ 29 വരെയുള്ളവയിൽ ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 5 സ്കോർ വീതം.** **(2 × 5 = 10)**

27. ഹാരപ്പൻ ജനത കരകൗശലോൽപാദനത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ കരസ്ഥമാക്കിയിരുന്നത് എങ്ങനെ ?

28. പതിനാറ് മഹാജനപദങ്ങളിൽ മഗധ ഒന്നാമതെത്താൻ കാരണമെന്ത് ?

29. ഇന്ത്യയുടെ സാംസ്കാരിക ബഹുസ്വരതയ്ക്ക് മുഗൾഭരണം വളരെയേറെ സംഭാവനകൾ നൽകിയിട്ടുണ്ട്. വിശദമാക്കുക.

30 മുതൽ 32 വരെയുള്ളവയിൽ ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 8 സ്കോർ വീതം.

**(2 × 8 = 16)**

30. 'മോഹൻജൊദാരോ ഒരു ആസൂത്രിത നഗരകേന്ദ്രം ആയിരുന്നു'. സാധൂകരിക്കുക.

സൂചനകൾ :

- കോട്ടനഗരവും കീഴ്പ്പട്ടണവും
- വലിയ കുളം
- അഴുക്കുചാൽ സംവിധാനം
- ഗാർഹിക വാസ്തുവിദ്യ

31. ചുവടെ കൊടുത്തിട്ടുള്ള സൂചനകളെ അടിസ്ഥാനപ്പെടുത്തി അൽ ബിറൂനിയെക്കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക.

- കിത്താബ്-ഉൾ-ഹിന്ദ്
- അൽബിറൂനി നേരിട്ട തടസ്സങ്ങൾ
- ജാതിവ്യവസ്ഥയെ കുറിച്ചുള്ള വിവരണം

32. മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ നടന്ന ചുവടെ പറയുന്ന മുന്നേറ്റങ്ങൾ വിശകലനം ചെയ്യുക.

- നിസ്സഹകരണ പ്രസ്ഥാനം
- ഉപ്പു സത്യഗ്രഹം
- ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനം

---